(ഇ) പ്രസ്തുത പണികളിൽ എന്തെങ്കിലും കൃത്രിമങ്ങൾ നടന്നതായി വിജിലൻസ് വകുപ്പ് കണ്ടെത്തിയതായി ജലസേചനവകുപ്പിന് അറിയുമോ;

(എഫ്) പ്രസ്തുത I ബിക്കായിട്ട് ഡിപ്പാർട്ടുമെന്റ് ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ജി) ഏത് വർഷത്തെ ഷെഡ്യൂൾ അനുസരിച്ചാണ് കരാർ നല്കിയിരുന്നത് ;

(എച്ച്) ഇതിന്റെ മൊത്തം അടങ്കൽ തുക എന്തായിരുന്നു ;

(ഐ) I ബിയുടെ പണികൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജെ) എങ്കിൽ ഇതിനായി എന്ത് തുക ചെലവഴിക്കേണ്ടിവരും എന്നാണ് സർക്കാർ കണക്കാക്കുന്നത് ;

(കെ) I ബിയുടെ പണികൾ പുനരാരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) 60 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്.

(സി) വിജിലൻസ് അന്വേഷണം നടന്നുവരുന്നതുകൊണ്ടാണ് പണികൾ നിർത്തിവച്ചിരിക്കുന്നത്.

(ഡി&ഇ) വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല.

(എഫ്) 22,15,170 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) 1992-ലെ.

(എച്ച്) 38,65,666 രൂപ.

(ഐ) ഉണ്ട്.

(ജെ) ഏകദേശം 25 ലക്ഷം രൂപ.

(കെ) വിജിലൻസ് അന്വേഷണം മൂലം തടസ്സപ്പെട്ടു കിടക്കുന്ന പണികൾ വീണ്ടും അറേഞ്ച് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ പണി**

**18 (1169)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണക്കൻകടവ് ബ്രിഡ്ജ് കം റഗുലേറ്ററിന്റെ നീളവും വീതിയും എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പണി പൂർത്തിയായപ്പോൾ നിർമ്മാണച്ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) അവസാനമായി ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കിയത് എന്ന് ; എത്ര തുകയ്ക്ക് ;

(ഡി) ഈ പാലം ഗതാഗതത്തിന് തുറന്നുകൊടുത്തുവോ ; എങ്കിൽ ഇവിടെ കാൽ നടയാത്രക്കാരുടെ സുരക്ഷിതത്വത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നീളം - 83.36 മീറ്റർ, വീതി - 6.70 മീറ്റർ.

(ബി) ഈ പ്രോജക്റ്റിനുവേണ്ടി ഇതേവരെ ചെലവായത് 1145.77 ലക്ഷം രൂപയാണ്.

(സി) എസ്റ്റിമേറ്റ് അവസാനമായി പുതുക്കിയത് 30-12-1999-ലാണ്. തുക 620.76 ലക്ഷം രൂപ.

(ഡി) ഗതാഗതത്തിന് ഈ പാലം 30-5-1999-ൽ തുറന്നുകൊടുത്തു. ഒരേ സമയം രണ്ട് വലിയ വാഹനങ്ങൾക്ക് കടന്നുപോകുവാൻ കഴിയത്തക്കവിധമാണ് ഈ പാലത്തിന്റെ രൂപകല്പന, കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുവാൻ വേണ്ടതായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വഞ്ചുവം-പനയമുട്ടം ഏലാത്തോട്ടിന്റെ പുനരുദ്ധാരണം**

**19 (1170)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വഞ്ചുവം-പനയമുട്ടം ഏലാത്തോടിന്റെ പുനരുദ്ധാരണ പണികളുടെ ക്രോസ്ബാർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ബി) ഈ എസ്റ്റിമേറ്റ് പരിശോധന കഴിഞ്ഞ് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഈ പണിക്കുവേണ്ട ഭരണാനുമതിയും പ്രത്യേകാനുമതിയും നല്കിയിട്ടുണ്ടോ ;

(ഡി) തോടിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 36,50,000 രൂപ. (മുപ്പത്തി ആറു ലക്ഷത്തി അമ്പതിനായിരം രൂപ)

(ബി&സി) ഇല്ല.

(ഡി) ഭരണാനുമതി നല്കിക്കഴിഞ്ഞാൽ മാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly